നം. എൻ2/21836/2014/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 22/02/2018
Phone No. 0471 – 2328438
Email: scholarshipdpi@gmail.com

# സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് (2014 - 15) തുക ലഭിക്കാത്ത അർഹരായ കുട്ടികൾക്ക് ആനുകൂല്യ വിതരണം - സംബന്ധിച്ച്.

സൂചന :- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് തീയതി. 17/01/2018

2014-15 വർഷത്തെ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിന് (ഫ്രഷ്/റിന്യൂവൽ) അർഹത ഉണ്ടായിട്ടും ബാങ്ക് അക്കൗണ്ടിലെ അവ്യക്തത കാരണം DBT ആയി അർഹരായ കുട്ടികൾക്ക് സ്കോളർഷിപ്പ് തുക വിതരണം ചെയ്യാൻ കഴിഞ്ഞിരുന്നില്ല. 2014-15 വർഷത്തെ ആനുകൂല്യത്തിന് അർഹതയുണ്ടായിരുന്നിട്ടും സ്കോളർഷിപ്പ് തുക ലഭിക്കാത്ത കുട്ടികളുടെ പേരു വിവരങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.education.kerala.gov.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ ഉൾപ്പെടുന്ന 2014-15 വർഷത്തെ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് തുക ലഭിക്കാത്ത അർഹരായ എല്ലാ കുട്ടികളും അവരുടെ ചുവടെ പറയുന്ന വിവരങ്ങൾ ബാങ്ക് പാസ്ബുക്കിന്റെ കോപ്പി സഹിതം കുട്ടികൾ പഠിക്കുന്ന/പഠിച്ചിരുന്ന സ്ഥാപനം വഴിയോ, നേരിട്ട് തപാൽ മുഖേനയോ, ഇ-മെയിൽ മുഖേനയോ പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കേണ്ടതാണ്.

1. കുട്ടിയുടെ പേര്
2. രക്ഷകർത്താവിന്റെ പേര്
3. ഫോൺ നമ്പർ
4. 2014-15 വർഷം കുട്ടി പഠിച്ചിരുന്ന ക്ലാസ്സ്
5. സ്കൂളിന്റെ പേര്
6. അപേക്ഷയുടെ നമ്പർ (വെബ്സൈറ്റിൽ നൽകിയിട്ടുള്ളത്)
7. ബാങ്ക് അക്കൗണ്ട് നമ്പർ
8. IFC Code
9. ബ്രാഞ്ചിന്റെ പേര്
10. ജില്ല

കൂടുതൽ വിവരങ്ങൾക്ക് 0471-2328438, 9496304015 എന്നീ ഫോൺ നമ്പരുകളിലേയ്ക്ക് വിളിക്കാവുന്നതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

പകർപ്പ് :-

വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ KITE } സർക്കുലറും കുട്ടികളുടെ പട്ടികയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.